# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 963 — 12/06/2014 ൽ മറുപടിക്ക്

## സീമാറ്റ് - ഡയറ്റ് പഠന റിപ്പോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീമതി ഗീതാഗോപി<br>ശ്രീ. വി. ശശി<br>" ജി. എസ്. ജയലാൽ | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ വിദ്യാഭ്യാസ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ്) ഡയറ്റുമായി ചേർന്ന് തയ്യാറാക്കിയ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) | ഉണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് (സീമാറ്റ് കേരള) യുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ ഡയറ്റുകൾ നടത്തിയ ഗവേഷണ റിപ്പോർട്ടുകളുടെ സമാഹാരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) പുതിയ പാഠ്യ പദ്ധതിയിൽ സർക്കാർ ഉപേക്ഷിച്ച പ്രശ്നാധിഷ്ഠിത ബോധന രീതിയെ പ്രസ്തുത റിപ്പോർട്ട് അനുകൂലിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രീതി അംഗീകരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | ബി) | പുതിയ പാഠ്യ പദ്ധതിയിൽ പ്രൈമറി സ്കൂളുമായി ബന്ധപ്പെട്ട പ്രശ്നാധിഷ്ഠിത ബോധന രീതിയെ കുറിച്ച് തൃശ്ശൂർ ഡയറ്റ് നടത്തിയ ഗവേഷണ പഠന റിപ്പോർട്ടിൽ ഈ ബോധന രീതി പ്രൈമറിതലത്തിൽ നടപ്പാക്കുന്നതിന് ഏഴ് വിധത്തിലുള്ള പ്രതിബന്ധങ്ങളെ ചൂണ്ടിക്കാണിക്കുന്നു. പ്രസ്തുത പ്രതിബന്ധങ്ങളെ തരണം ചെയ്തു മാത്രമേ ഈബോധനരീതി വഴി വിദ്യാർത്ഥികളിൽ പോസിറ്റീവായ മൂല്യങ്ങളെ വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ